**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 396** **05-12-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്ഥാപനങ്ങളിലെ വസ്തു നികുതിക്കായി ഓൺലൈൻ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ വി ശശി,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തദ്ദേശ സ്ഥാപനങ്ങളിൽ വസ്തു നികുതി സംബന്ധിച്ച നടപടികൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | തദ്ദേശ സ്ഥാപനങ്ങളിൽ വസ്തു നികുതി സംബന്ധിച്ച നടപടികൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളിലും തനത് വരുമാനം കുറവായതിനാൽ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ കാര്യമായി ബാധിക്കുമെന്നതിനാൽ വസ്തുനികുതി പരിഷ്കരിക്കുന്നതിനും വസ്തുനികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>നഗരസഭകളിലും വസ്തു നികുതി പിരിവ് കാര്യക്ഷമമായി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി പിരിവിന്റെ പുരോഗതി തദ്ദേശ സ്വയം ഭരണ വകുപ്പ് തലത്തിൽ നിരീക്ഷിക്കുകയും ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു. |
| (ബി) | വസ്തുനികുതി സംബന്ധിച്ച നടപടികൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഗ്രാമപഞ്ചായത്തുകളിൽ വസ്തുനികുതി നിർണ്ണയിക്കുന്നതും പൂർണ്ണമായും പിരിച്ചെടുക്കുന്നതും ഇൻഫർമേഷൻ കേരളാ മിഷൻ (ഐ.കെ.എം) വികസിപ്പിച്ച സഞ്ചയ സോഫ്റ്റ് വെയർ മുഖേനയാണ്. നികുതി ഓൺലൈൻ ആയി അടയ്ക്കാനും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. നികുതി ദായകർക്ക് മെസ്സേജിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>നഗരസഭകളിൽ വസ്തുനികുതി സംബന്ധിച്ച നടപടികൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ഇൻഫർമേഷൻ കേരളാ മിഷൻ (ഐ.കെ.എം) വികസിപ്പിച്ച സഞ്ചയ |

| | | | |
|---|---|---|---|
| | | | സോഫ്റ്റ് വെയർ ആണ് നഗരസഭകളിലും ഉപയോഗിച്ച് വരുന്നത്. |
| (സി) | പ്രസ്തുത ഓൺലൈൻ സംവിധാനം നഗരസഭകളിലും ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ; | (സി) | ഗ്രാമപഞ്ചായത്തുകളിൽ വസ്തുനികുതി നിർണ്ണയിക്കുന്നതും പൂർണ്ണമായും പിരിച്ചെടുക്കുന്നതും ഇൻഫർമേഷൻ കേരളാ മിഷൻ (ഐ.കെ.എം) വികസിപ്പിച്ച സഞ്ചയ സോഫ്റ്റ് വെയർ മുഖേനയാണ്. നികുതി ഓൺലൈൻ ആയി അടയ്ക്കാനും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. നികുതി ദായകർക്ക് മെസ്സേജിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>നഗരസഭകളിൽ വസ്തുനികുതി സംബന്ധിച്ച നടപടികൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ഇൻഫർമേഷൻ കേരളാ മിഷൻ (ഐ.കെ.എം) വികസിപ്പിച്ച സഞ്ചയ സോഫ്റ്റ് വെയർ ആണ് നഗരസഭകളിലും ഉപയോഗിച്ച് വരുന്നത്. |
| (ഡി) | പ്രസ്തുത നികുതി സംബന്ധിച്ചുള്ള പൊതുജനങ്ങളുടെ പരാതി പരിഹരിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ? | (ഡി) | ഗ്രാമ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും വസ്തുനികുതി നിർണ്ണയത്തിനെതിരെ ആക്ഷേപമുള്ള പക്ഷം സെക്രട്ടറിയുടെ ഡിമാന്റ് നോട്ടീസ് ലഭിച്ച് മുപ്പതു ദിവസത്തിനകം കെട്ടിട ഉടമയ്ക്ക് രേഖാമൂലം തദ്ദേശ സ്ഥാപനങ്ങളുടെ നികുതികാര്യ അപ്പീലുകൾ കൈകാര്യം ചെയ്യുന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ അപ്പീൽ നൽകാവുന്നതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എടുത്ത തീരുമാനത്തിനെതിരെ ആക്ഷേപമുള്ള ഏതൊരാൾക്കും മുപ്പതു ദിവസത്തിനകം ഒരു റിവിഷൻ ഹർജി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണൽ മുമ്പാകെ ബോധിപ്പിക്കാവുന്നതാണ്.<br><br>കോർപ്പറേഷനുകളിൽ വസ്തു നികുതി പിരിവ് സംബന്ധിച്ച പൊതുജനങ്ങളുടെ പരാതികൾ നികുതി അപ്പീൽ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിലാണ് നൽകേണ്ടത്. അതിനു ശേഷമുള്ള റിവിഷൻ ഹർജി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണൽ മുമ്പാകെ ബോധിപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ